**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3965** **06-08-2021 - ൽ മറുപടിയ്ക്ക്**

**മായം ചേർത്ത മത്സ്യത്തിന്റെ വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിപണിയിൽ മായം ചേർന്ന മത്സ്യം വിറ്റഴിക്കപ്പെടുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോ ധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യ ത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യു ന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ “Unsafe” ആയി കണ്ടെത്തിയ ഭക്ഷ്യസാമ്പിളുകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണ നിലവാര നിയമം 2006 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാ ത്തതായ (“Substandard”) പരിശോധന ഫലം ലഭിക്കുന്നവയ്ക്കെതിരെ അഡ്ജുഡിക്കേഷൻ നടപടി കളും സ്വീകരിച്ച് വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മ യുള്ള മത്സ്യം ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക് പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാന ത്തൊട്ടാകെ 2458 പരിശോധനകൾ നടത്തുകയും 926 മത്സ്യ |

| | | | |
|---|---|---|---|
| | | | സാമ്പിളുകൾ ശേഖരിയ്ക്കുകയും 185 പേർക്ക് നോട്ടീസ് നൽകുകയും 19 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 1065.44 കി.ഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പി ക്കുകയും കൂടാതെ ഫോർമാലിൻ/ അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധന കളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തി യതിനെ തുടർന്ന് 247 കി.ഗ്രാം മത്സ്യം നശിപ്പിക്കു കയും ചെയ്തിട്ടുണ്ട്. 298 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 26 മത്സ്യ സാമ്പിളുകൾ ഭക്ഷ്യയോഗ്യമല്ലായെന്ന് ലബോറട്ടറി പരിശോധന യിൽ കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിൽ മത്സ്യ വിപണന കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരുന്ന മത്സ്യത്തിൽ ഐസിന്റെയും മത്സ്യത്തിന്റെയും അളവ് 1:1 എന്ന അനുപാതത്തിൽ കുറവായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷാ വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിത മായി വകുപ്പിനെ അറിയിയ്ക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183). |
| (ബി) | കഴിഞ്ഞ വർഷം മായം ചേർത്ത മത്സ്യം വിറ്റഴിച്ചതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം വിറ്റഴിച്ചതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കൊല്ലം ജില്ലയിൽ ഒരു കേസും ആലപ്പുഴ ജില്ലയിൽ 2 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ